# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4113

## 12.11.2019 ൽ മറുപടി നൽകേണ്ടത്

### <u>സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വർദ്ധനവും വിതരണവും</u>

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ഡോ. തോമസ് ഐസക് |
| ശ്രീമതി.പി. അയിഷാ പോറ്റി | ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| ശ്രീ. കാരാട്ട് റസാഖ് | |
| ശ്രീ. ഡി.കെ. മുരളി | |

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ ക്ഷേമ പെൻഷനുകളുടേയും സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെയും തുക വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ യെന്നറിയിക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 600 രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ 15.07.2016-ലെ GO(MS)282/2016/Fin ഉത്തരവ് പ്രകാരം 01.06.2016 മുതൽ 1000 രൂപയായും 23.03.2017-ലെ GO(MS)204/2017/Fin ഉത്തരവ് പ്രകാരം 01.04.2017 മുതൽ 1100 രൂപയായും തുടർന്ന് 18.02.2019-ലെ GO(MS)91/2019/Fin ഉത്തരവ് പ്രകാരം 01.04.2019 മുതൽ പ്രതിമാസം 1200 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡ് പെൻഷനുകൾക്കും ഈ വർദ്ധനവ് വരുത്തിയിട്ടുണ്ട്. 21.02.2018-ലെ GO(MS)61/ 2018/Fin ഉത്തരവ് പ്രകാരം 80 ശതമാനവും അതിനു മുകളിലും വൈകല്യമുളളവർക്ക് 21.02.2018 മുതൽ വികലാംഗ പെൻഷൻ തുക 1100 രൂപയിൽ നിന്നും 1300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി ചെലവഴിച്ച തുകയേക്കാൾ അധികമായി ഈ സർക്കാർ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 9311.22 കോടി രൂപയാണ് സാമൂഹ്യ സുരക്ഷാ പെൻഷനായി ചെലവഴിച്ചത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമൂഹ്യ സുരക്ഷാ പെൻഷനായി |

| | | |
|---|---|---|
| | വ്യക്തമാക്കാമോ; | 2019 സെപ്റ്റംബർ 30 വരെ ആകെ 18003.74 കോടി രൂപ നൽകിയിട്ടുണ്ട്. അപ്രകാരം 8692.52 കോടി രൂപ അധികമായി ഈ സർക്കാർ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഈ കാലയളവിൽ പെൻഷൻ ഉപഭോക്താക്കളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് എത്രയെന്ന് അറിയിക്കാമോ; | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 3443414 ഗുണഭോക്താക്കൾക്കാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയിരുന്നത്. എന്നാൽ നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം 4677043 ആണ്. ആകയാൽ 1233629 എണ്ണം വർദ്ധിച്ചിട്ടുണ്ട്. |
| (ഡി) | ക്ഷേമ പെൻഷനുകൾ ഉപഭോക്താക്കൾക്ക് ചിട്ടയായും കൃത്യമായും വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ? | നിലവിൽ വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലങ്ങളിലാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിവരുന്നത്. ഗുണഭോക്താക്കളുടെ താൽപര്യാർത്ഥം പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നേരിട്ട് നൽകുകയോ, അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ തുക നിക്ഷേപിക്കുകയോ ആണ് ചെയ്തു വരുന്നത്. പെൻഷൻ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കേരളാ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. ഈ കമ്പനിവഴിയാണ് ഇപ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ